(ബി) താനൂർ നിയോജകമണ്ഡലത്തിൽ 7 ട്രാൻസ്ഫോർമറുകളും തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ 11 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതിന്റെ പണി പുരോഗമിച്ചുവരുന്നുണ്ട്.

(സി) പ്രവൃത്തി ആരംഭിച്ച ജോലികൾ സാധനസാമഗ്രികളുടെ ലഭ്യതയ്ക്കനുസരിച്ച് ഈ സാമ്പത്തികവർഷം തന്നെ പൂർത്തിയാക്കാൻ ശ്രമിച്ചുവരുന്നു. ബാക്കി ജോലികൾ ടാർജറ്റിനും സാധനസാമഗ്രികളുടെ ലഭ്യതയ്ക്കും വിധേയമായി എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്.

74 (1923) കൊടുവള്ളി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഏതൊക്കെ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഓരോ പ്രദേശത്തും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് എന്നത്തേയ്ക്കു പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊടുവള്ളി മണ്ഡലത്തിലെ കാരൂർ പഞ്ചായത്തിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്;

(ഇ) കൊടുവള്ളി സെക്ഷൻ മേജർ സെക്ഷനായി ഉയർത്തുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുക്കിടങ്ങാട്, കച്ചേരിമുക്ക്, വട്ടപ്പാറ കൊയിൽ, കണിയംപൊയിൽ എന്നീ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്.

(ബി) മുക്കിടങ്ങാട്, കച്ചേരിമുക്ക് എന്നീ പ്രദേശങ്ങളിലെ പണികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. മറ്റു രണ്ടു പ്രദേശങ്ങളിലെ പണികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) കാനൂർ പഞ്ചായത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുതി നയപ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്കേ പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച തീരുമാനം എടുക്കുകയുള്ളൂ.

75 (1924) വോൾട്ടേജ് ക്ഷാമം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നെടുമങ്ങാട് മുൻസിപ്പാലിറ്റിയിലെ 6,7,8 വാർഡുകളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത വാർഡുകളിൽ ഉൾപ്പെടുന്ന കരിപ്പൂർ ഭാഗത്ത് ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കൊല്ലംകാവിൽ ട്രാൻസ്ഫോർമറും അനുബന്ധ ത്രീ ഫെയ്സ് ലൈനുകളും സ്ഥാപിച്ച് പുത്തൻപാറ ട്രാൻസ്ഫോർമറുമായി ഇന്റർലിങ്കു ചെയ്ത് പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് നില മെച്ചപ്പെടുത്തി. പുലിപ്പാറ പ്രദേശത്തെ പനങ്ങോട്ടേലായിൽ 3 ഫേസ് കൺവേർഷൻ നടത്തി ആ പ്രദേശത്തെ വോൾട്ടേജ് നില ഒരു പരിധിവരെ പരിഹരിച്ചു. കൂടാതെ നെടുമങ്ങാട് മുൻസിപ്പാലിറ്റി ഡെപ്പോസിറ്റ് വർക്കായി പണമടച്ച രണ്ടു വർക്കുകൾ മുൻഗണന പ്രകാരം ചെയ്തുതീർക്കുമ്പോൾ 6,7,8 വാർഡുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

76 (1926) മലപ്പുറം ജില്ലയിലെ ഇലക്ട്രിസിറ്റി മേജർ സെക്ഷനുകൾ

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എവിടെയൊക്കെ ഇലക്ട്രിസിറ്റി മേജർ സെക്ഷനുകളും, സെക്ഷനുകളും അനുവദിക്കണമെന്ന ആവശ്യമാണ് ഉയർന്നിട്ടുള്ളത്;

(ബി) എവിടെയൊക്കെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) അവയുടെ നടപടികളുടെ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) മഞ്ചേരി ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ ആനക്കയം, പട്ടപ്പാമ്പ്, എടവണ്ണ കാരാട്ട്, എടവണ്ണപ്പാറ, കീഴശ്ശേരി, കാക്കോസ്, തോങ്ങം എന്നീ സ്ഥലങ്ങളിൽ ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. മേജർ സെക്ഷനാഫീസ് അനുവദിക്കണമെന്ന ആവശ്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി)ഓഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച ബാദ്ധ്യതാപഠനം നടത്തിവരുന്നു. എന്നാൽ സർക്കാരിന്റെ പുതിയ വൈദ്യുതിനയം നടപ്പാക്കിക്കഴിഞ്ഞു മാത്രമേ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച തീരുമാനം കൊക്കൊള്ളുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly